പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3725 | 20.06.2019 -ൽ മറുപടിക്ക്

## പോഷക ആഹാരം ഉറപ്പുവരുത്തുന്നതിന് പദ്ധതി

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) സംസ്ഥാനത്ത് വിശപ്പുരഹിത സാഹചര്യം സൃഷ്ടിക്കുന്നതിന് ഭക്ഷ്യ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് വിശപ്പുരഹിത സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽ നിന്നും വിശപ്പ് നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സുഭിക്ഷ പദ്ധതി ആലപ്പുഴ, കോട്ടയം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. |
| (ബി) ഇപ്പോഴും അർദ്ധപട്ടിണിക്കാരായി കഴിയേണ്ടിവരുന്ന മത്സ്യതൊഴിലാളികൾക്കും ആദിവാസി മേഖലയിലെ കുടുംബങ്ങൾക്കുമായി ഭക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ ; | (ബി) | കടൽക്ഷോഭ സമയങ്ങളിലും ട്രോളിംഗ് നിരോധന സമയങ്ങളിലും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് റേഷൻ സൗജന്യമായി നല്കുന്നുണ്ട്. ആദിവാസി മേഖലയിലെ കുടുംബങ്ങളെ എ.എ.വൈ ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി നല്കി വരുന്നുണ്ട്. കൂടാതെ 1 കിലോഗ്രാം പഞ്ചസാര എല്ലാ എ.എ.വൈ കാർഡുകാർക്കും സബ്സിഡി നിരക്കിലും നല്കുന്നുണ്ട്. |
| (സി) ക്ഷേമരാഷ്ട്ര സങ്കല്പം നിലനിർത്തി പോഷക ആഹാരം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് ആവശ്യമായ ഇടങ്ങളിലെല്ലാം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി മുൻഗണനേതര കാർഡുകാർക്കുള്ള ഗോതമ്പ് ഫോർട്ടിഫൈ ചെയ്ത് ആട്ടയാക്കി റേഷൻ കടകൾ വഴി നല്കി വരുന്നു. അരി ഫോർട്ടിഫൈ ചെയ്ത് നല്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ